## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1978 — 22-01-2014-ൽ മറുപടിക്ക്.

### ലഹരി മരുന്നുകളുടെ വ്യാപനം തടയൽ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. സി. മമ്മൂട്ടി:<br>" കെ. എം. ഷാജി:<br>" അബ്ദുറഹിമാൻ രണ്ടത്താണി:<br>" എൻ. ഷംസുദ്ദീൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ലഹരി മരുന്നുകളുടെ വ്യാപനം തടയുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കു പുറമേ, സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ, ലഹരി മരുന്നുകളുടെ ഉല്പാദനവും വിപണനവും നിയന്ത്രിക്കുന്നതിന് കർശനമായ ലൈസൻസ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. |
| (ബി) വൈദ്യശുശ്രൂഷയ്ക്ക് അനിവാര്യമായ ചില മരുന്നുകൾ മയക്കുമരുന്നു മാഫിയ ദുരുപയോഗം ചെയ്യുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഫലപ്രദമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഫലപ്രദമായി തടയുന്നതിന് കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി, 2013 വർഷത്തിൽ 1848 ആംപ്യൂൾ മയക്കുമരുന്ന് പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) ലഹരി മരുന്നു വ്യാപനം തടയാനും, അതിനു പിന്നിൽ പ്രവർത്തിക്കുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനും പര്യാപ്തമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ? | (സി) ലഹരി മരുന്നുകളുടെ വ്യാപനം തടയുന്നതിനും, അതിനു പിന്നിൽ പ്രവർത്തിക്കുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 2013-ൽ, എക്സൈസ് വകുപ്പ്, 790 കേസുകളിലായി 863 പേരെ പ്രതികളാക്കി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ